(2) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട ചിത്ര എന്ന ഗർഭിണിയെ മർദ്ദിച്ചതു സംബന്ധിച്ച്

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഡിസംബർ 18-ാം തീയതിയുണ്ടായ ദുഃഖകരമായ സംഭവം ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കഴിഞ്ഞ ഡിസംബർ 18-ാം തീയതി ചിത്ര എന്ന രണ്ടു മാസം ഗർഭിണിയായ പെൺകുട്ടിയെ ബ്ലേഡ് മാഫിയാ സംഘം കടന്നാക്രമിക്കുകയും ചുരിദാർ വലിച്ചുകീറുകയും സുന്ദരമായ കാർകൂന്തൽ ബലമായി പിടിച്ച് മുറിച്ചുകളയുകയും ചെയ്ത ദുഃഖകരമായ സംഭവമുണ്ടായി. ആ ഏരിയായിൽ പ്രത്യേകിച്ച് കുറുവിലങ്ങാട്, ഏറ്റുമാനൂർ ഭാഗത്ത് ബ്ലേഡ് മാഫിയായുടെ അക്രമം വർദ്ധിച്ചുവരികയാണ്. ഇത് അവസാനിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ഒരു കുടുംബം തന്നെ ആത്മഹത്യ ചെയ്യേണ്ട സാഹചര്യമാണ് എന്റെ നിയോജകമണ്ഡലത്തിലുണ്ടായത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കേരളത്തെ ഞെട്ടിച്ച വളരെ പൈശാചികമായ സംഭവമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ഈ കേസ് സംബന്ധിച്ച് പണമിടപാടു സ്ഥാപനത്തിന്റെ ഉടമ അലക്സിനെ അടുത്തദിവസം തന്നെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. കോടതിയിൽനിന്നും അയാൾ ജാമ്യത്തിൽ പോയിട്ടുണ്ട്. മറ്റൊരു പ്രതിയായ ജോഷി കോടതിയിൽ നേരിട്ട് ഹാജരായി; അയാളെ 10-2-2004 വരെ റിമാന്റ് ചെയ്തിട്ടുമുണ്ട്. കോട്ടയം ഡി. സി. ആർ. ബി., ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്തുകയാണ്. ഈ കേസ് വളരെ ശക്തമായി കൈകാര്യം ചെയ്യും. ഈ കേസിൽപ്പെട്ടവർക്ക് മാതൃകാപരമായ ശിക്ഷ കൊടുക്കുന്നതിന് ഗവണ്മെന്റ് മനുഷ്യസാദ്ധ്യമായ എല്ലാ നടപടിയും സ്വീകരിക്കും. ഇതു മാത്രമല്ല, ബ്ലേഡ് മാഫിയായുടെ ഇതുപോലുള്ള പ്രവർത്തനങ്ങൾ തടയുന്നതിന് നിയമപരമായി സ്വീകരിക്കാവുന്ന എല്ലാ നടപടികളും ഗവണ്മെന്റ് സ്വീകരിക്കും.

(3) സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതിന്റെ നേട്ടങ്ങൾ നിലനിർത്താനും തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനും വേണ്ടി കേന്ദ്ര ഗവണ്മെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി തുടർ സാക്ഷരതാ കേന്ദ്രങ്ങൾ തുടങ്ങിയിരുന്നു. ഈ കേന്ദ്രങ്ങളെല്ലാം 2004 മാർച്ച് 31-ാം തീയതിയോടുകൂടി നിർത്തൽ ചെയ്യാൻ പോകുന്നുവെന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്ര സഹായം നിർത്തലാക്കുകയാണ്. സംസ്ഥാന ഗവണ്മെന്റ് പറഞ്ഞിരിക്കുന്നത് പഞ്ചായത്തുകൾ അവരുടെ പദ്ധതിവിഹിതത്തിൽ നിന്ന് ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകണമെന്നാണ്. പല പഞ്ചായത്തുകൾക്കും അതിന് കഴിയുകയില്ല. മാത്രമല്ല ആയിരക്കണക്കിന് ആളുകൾ ഇതിൽ പണിയെടുക്കുന്നുണ്ട്. അവർക്ക് ഓണറേറിയം കിട്ടിയിട്ട് മാസങ്ങളായി. അവർക്ക് ഓണറേറിയം കൊടുക്കാനും ഈ പദ്ധതി തുടർന്ന് സംസ്ഥാനത്ത് മൊത്തമായി നടപ്പിലാക്കുവാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly